# കേരള സർവകലാശാല

നം.പി.ആർ.76/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷകൾക്ക് മാറ്റമില്ല

2019 ഏപ്രിൽ 8 മുതൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളും, ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്യ്യൂ/ബി.വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളും മുൻ നിശ്ചയിച്ച പ്രകാരം നടക്കുന്നതാണ്. പരീക്ഷാ തീയതികളിൽ മാറ്റമില്ല.

## പ്രാക്ടിക്കൽ

2019 ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 25, 26, 29 തീയതികളിലും ബി.പി.എ (മൃദംഗം), ബി.പി.എ (ഡാൻസ്) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ഏപ്രിൽ 16, 17, 20 തീയതികളിലും ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 11 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് (2016 അഡ്മിഷൻ റെഗുലർ, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) ബി.എസ്.സി കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കലും വൈവാ വോസിയും ഏപ്രിൽ 29 മുതൽ അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 25 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

2019 മേയ്, ജൂണിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ബി.ബി.എ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ഏപ്രിൽ 17 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 25 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 27 വരെയും രജിസ്റ്റർ ചെയ്യാം. റെഗുലർ പരീക്ഷയുടെ ഓരോ പേപ്പറിനും 125 രൂപ വീതവും സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഓരോ പേപ്പറിനും 150 രൂപ വീതവും അടയ്ക്കണം. 100 രൂപ മാർക്ക് ലിസ്റ്റിനും 200 രൂപ മൂല്യനിർണ്ണയ ക്യാമ്പ് ഫീസായും ഓരോ വർഷ പരീക്ഷാ ഫീസിനോടൊപ്പവും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാകുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 മേയ്, ജൂണിൽ ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി ന്യൂ സ്കീം (2013 അഡ്മിഷൻ മുതൽ) പരീക്ഷകൾക്ക് പിഴ കൂടാതെ ഏപ്രിൽ 22 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 25 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 27 വരെയും അപേക്ഷിക്കാം.

2014 – 2017 ബാച്ച് (2013 സ്കീം) സപ്ലിമെന്ററി വിദ്യാർത്ഥികൾ ഓൺലൈനായും 2013 – 2016 ബാച്ച് (ന്യൂ സ്കീം) സപ്ലിമെന്ററി വിദ്യാർത്ഥികൾ ഓഫ്‌ലൈനായും അപേക്ഷിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷാ ഫീസിനു പുറമേ 200 രൂപ സി.വി ക്യാമ്പ് ഫീസായി അടയ്ക്കേണ്ടതാണ്.

## തീയതി നീട്ടി

സർവകലാശാലയുടെ കേരള സ്റ്റഡീസ് പഠനവകുപ്പിൽ ആരംഭിക്കുന്ന 'മലയാളസാഹിത്യം, കേരളപഠനവും മാധ്യമപഠനവും' എന്ന പി.ജി കോഴ്സിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 22. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ.

തിരുവനന്തപുരം,
09-04-2019

പബ്ലിക് റിലേഷൻസ് ഓഫീസർ